(ബി) 2000-20001 വർഷത്തിൽ ഐ.എച്ച്.ആർ.ഡി. പുതിയ എഞ്ചിനീയറിംഗ് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഐ. എച്ച്. ആർ. ഡി. യിൽ കോളേജുകൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എത്ര വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നുണ്ട് ; ഈ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളും സ്ഥലങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31 സ്ഥാപനങ്ങൾ വിവരം അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്.†

(ബി) എ. ഐ. സി. റ്റി. ഇ. യുടെ അംഗീകാരത്തിനു വിധേയമായി പിരപ്പൻകോട്, (തിരുവനന്തപുരം ജില്ല) കരുനാഗപ്പള്ളി (കൊല്ലം) പൂഞ്ഞാർ (കോട്ടയം) പൈനാവ് (ഇടുക്കി) എന്നിവിടങ്ങളിൽ എഞ്ചിനീയറിംഗ് കോളേജുകളും ഇടുക്കി ജില്ലയിൽ ഒരു മെഡിക്കൽ കോളേജും സ്ഥാപിക്കുന്നതിന് സാദ്ധ്യതാപഠനം നടത്തുന്നുണ്ട്.

(സി) പ്രാദേശിക പിന്നോക്കാവസ്ഥ കൂടി കണക്കിലെടുത്ത് ഐ. എച്ച്. ആർ. ഡി. യുടെ ഭരണസമിതിയാണ് കോളേജ് തുടങ്ങുന്നതിനുള്ള സ്ഥലം നിശ്ചയിക്കുന്നത്. ഇതു കഴിഞ്ഞ് ബന്ധപ്പെട്ട അധികാരികളുടെ അനുമതിക്കായി അപേക്ഷ സമർപ്പിക്കും. അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥാപനം ആരംഭിക്കുന്നു.

(ഡി) തിരുവനന്തപുരം ,കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, തിരൂർ, കോട്ടയം, തൊടുപുഴ, അഞ്ചൽ, ഈരാറ്റുപേട്ട, കടുത്തുരുത്തി, വടകര തുടങ്ങിയ സെന്ററിന്റെ എല്ലാ ഉപകേന്ദ്രങ്ങളും പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകളായാണ് പ്രവർത്തിച്ച് വരുന്നത്. കോഴ്സുകളുടെ വിശദ വിവരം അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.†

ഐ. എച്ച്. ആർ. ഡി. യുടെ സംസ്ഥാനത്തെ സ്ഥാപനങ്ങൾ

126 (3003) ശ്രീ. പി .പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. എച്ച് ആർ. ഡി. യുടെ എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്നും അവ ഏതൊക്കെയെന്നും അവ എവിടെയെല്ലാമാണെന്നും .വ്യക്തമാക്കുമോ ;

† അനുബന്ധം XI, XIA

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയ ആരൊക്കെ ഏതൊക്കെ തസ്തികകളിൽ ഏതു തീയതി മുതൽ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വ്യക്തികൾക്ക് ശമ്പളത്തോടൊപ്പം പെൻഷനും ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനാധാരമായ വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പെൻഷൻ പറ്റിയവരെ ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31 സ്ഥാപനങ്ങൾ വിശദ വിവരം അനുബന്ധം-എ ആയി ചേർത്തിട്ടുണ്ട്.†

(ബി) വിശദ വിവരം അനുബന്ധം-ബി ആയി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. 23-3-1999-ലെ ജി. ഒ. (പി) നം. 1088/98/ഫിൻ പ്രകാരം പുനർ നിയമനം ലഭിച്ച സർക്കാർ ജീവനക്കാർക്ക് പുനർനിയമന ശമ്പളവും പെൻഷനും ഒരേ സമയം വാങ്ങുന്നത് അനുവദനീയമാണ്.

(ഡി) ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങളുടെ ദൈനംദിന നടത്തിപ്പിന് ഉയർന്ന തസ്തികകളിൽ ഉയർന്ന യോഗ്യതയും പ്രവർത്തി പരിചയവുമുള്ളവരെ താത്ക്കാലികമായി നിയമിക്കുകയെന്നതാണ് ലക്ഷ്യം.

ഐ. എച്ച്. ആർ. ഡി. യുടെ പർച്ചേയ്സ്

127 (3004) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. എച്ച്. ആർ. ഡി. യുടെ വിവിധ സ്ഥാപനങ്ങളിലേയ്ക്ക് കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്തേക്ക് എത്ര രൂപയുടെ പർച്ചേയ്സ് നടത്തിയിട്ടുണ്ട് ;

(ബി) 25,000 രൂപയ്ക്ക് മുകളിൽ വിലവരുന്ന എന്തൊക്കെ സാധന സാമഗ്രികളാണ് പ്രസ്തുതകാലയളവിൽ വാങ്ങിയിട്ടുള്ളത് ;

(സി) പ്രസ്തുത സാധന സാമഗ്രികൾ എന്തൊക്കെയാണെന്നും ഓരോന്നിനും എത്ര രൂപയാണെന്നും ആരിൽനിന്നൊക്കെയാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ ;

(ഡി) സ്റ്റോർ പർച്ചേയ്സ് മാനുവൽ അനുസരിച്ചാണോ പർച്ചേയ്സ് നടത്തുന്നതെന്നും അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിലെ പർച്ചേയ്സ് സംബന്ധിച്ച് ആഡിറ്റിംഗ് നടത്തുന്നതാരാണെന്ന് വ്യക്തമാക്കുമോ ;

† അനുബന്ധം XII, XIIA

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XII

[23-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 126 (3003) -ന്റെ 'എ' ഉത്തരം ദയവായി കാണുക]

സ്ഥാപനം

എഞ്ചിനീയറിംഗ് കോളേജുകൾ

1. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, എറണാകുളം
2. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂർ
3. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, അടൂർ
4. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കല്ലൂപ്പാറ

മോഡൽ പോളിടെക്നിക്കുകൾ

1. മോഡൽ പോളിടെക്നിക്ക്, വടകര
2. മോഡൽ പോളിടെക്നിക്ക്, മാള
3. മോഡൽ പോളിടെക്നിക്ക്, ഒറ്റക്കര, കോട്ടയം
4. മോഡൽ പോളിടെക്നിക്ക്, കരുനാഗപ്പള്ളി
5. മോഡൽ പോളിടെക്നിക്ക്, പൈനാവ്
6. മോഡൽ പോളിടെക്നിക്ക്, കല്യാശ്ശേരി
7. മോഡൽ പോളിടെക്നിക്ക്, തീക്കോയി

കോളേജ് ഓഫ് അപ്ലൈഡ് സയൻസ്

1. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കോഴിക്കോട്
2. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, വടക്കാഞ്ചേരി
3. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം
4. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുതുപ്പള്ളി
5. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പീരുമേട്
6. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മാവേലിക്കര
7. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അടൂർ
8. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മല്ലപ്പള്ളി (കല്ലൂപ്പാറ)
9. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പട്ടുവം

ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ

(1) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, വാഴക്കാട് മലപ്പുറം
(2) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, പുതുപ്പള്ളി, കോട്ടയം
(3) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, പീരുമേട്
(4) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, വട്ടംകുളം
(5) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, തൊടുപുഴ
(6) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, കപ്രാശ്ശേരി ചെങ്ങമനാട്
(7) ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, മല്ലപ്പള്ളി
(8) മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, കലൂർ എറണാകുളം

മേഖലാ കേന്ദ്രങ്ങൾ

എറണാകുളം, തിരുവനന്തപുരം, എക്സ്റ്റെൻഷൻ സെന്റർ - തിരൂർ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XII A

[23-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 126 (3003) -ന്റെ 'ബി' ഉത്തരം ദയവായി കാണുക]

പേരും പെൻഷൻപറ്റിയ തസ്തികയും	ഐ. എച്ച്. ആർ. ഡി. നിയമന തസ്തിക	നിയമന തീയതി
(1)	(2)	(3)
1. ശ്രീ. മാത്തുകുട്ടി തോമസ് റിട്ട. പ്രിൻസിപ്പൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്	പ്രിൻസിപ്പൽ, മോഡൽ പോളിടെക്നിക് കരുനാഗപ്പള്ളി	8-8-1997
2. ശ്രീ. പ്രതാപചന്ദ്രൻ നായർ റിട്ട. ജോയിന്റ് ഡയറക്ടർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്	പ്രിൻസിപ്പൽ, കോളേജ് ഓഫ് എൻജിനീയറിംഗ് ചെങ്ങന്നൂർ	3-11-1998
3. എ. ജി. നാരായണൻ നായർ റിട്ട. എ. ഒ., ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ	എ. ഒ., കോളേജ് ഓഫ് എൻജിനീയറിംഗ് ചെങ്ങന്നൂർ	2-6-1993
4. പ്രൊഫ. കെ. എം. രാജു റിട്ട. പ്രൊഫ., ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്	പ്രിൻസിപ്പൽ, കോളേജ് ഓഫ് എൻജിനീയറിംഗ് അടൂർ.	2-9-1999
5. ശ്രീ. കെ.എൻ. ബാലൻകുട്ടി നായർ റിട്ട. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്.	അഡ്മി. അസിസ്റ്റന്റ് കോളേജ് ഓഫ് എൻജിനീയറിംഗ് കല്ലൂപ്പാറ.	22-9-1999
6. ശ്രീ. കെ. രവീന്ദ്രൻ നായർ റിട്ട. ജൂനിയർ സൂപ്രണ്ട് റവന്യൂ ഡിപ്പാർട്ടുമെന്റ്	ജൂനിയർ സൂപ്രണ്ട് കോളേജ് ഓഫ് എൻജിനീയറിംഗ്, കല്ലൂപ്പാറ.	22-11-1999
7. ശ്രീ. ഇട്ടിയവിര, റിട്ട. സീനിയർ സൂപ്രണ്ട്, കോളേജിയറ്റ് എഡ്യൂ. ഡിപ്പാർട്ടുമെന്റ്	ഓഫീസ് മാനേജർ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുതുപ്പള്ളി	17-1-2000
8. ശ്രീ. പി. എൻ. കൃഷ്ണൻകുട്ടി നായർ റിട്ട. എസ്. എസ്., എഡ്യൂ. ഡിപ്പാർട്ടുമെന്റ്	ഓഫീസ് മാനേജർ മോഡൽ പോളി, മറ്റക്കര.	7-12-1999

LIBRARY ARCHIVES Kerala Legislative Assembly

	(1)	(2)	(3)
9.	എം. ജി. ഗോപിനാഥൻ നായർ റിട്ട. പോളിടെക്നിക് പ്രിൻസിപ്പാൾ, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്	പ്രിൻസിപ്പൽ മോഡൽ പോളിടെക്നിക്, മറ്റക്കര.	1-10-1999
10.	പി. ജി. ഗോപാകൃഷ്ണൻനായർ റിട്ട. സീനിയർ സൂപ്രണ്ട്, ടെക്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്	ഓഫീസ് മാനേജർ, കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പീരുമേട്.	11-8-1993
11.	ശ്രീ. കെ. സി. മാത്യു., പ്രിൻസിപ്പാൾ, കാർമ്മൽ പോളിടെക്നിക്, ആലപ്പുഴ	പ്രിൻസിപ്പൽ മോഡൽ പോളിടെക്നിക് പൈനാവ്.	17-3-1999
12.	ശ്രീ. പി. ധനഞ്ജയൻ, റിട്ട. അഡ്. അസി. ടെക്നിക്കൽ എഡ്യൂക്കേഷണൽ ഡിപ്പാർട്ടുമെന്റ്	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മോഡൽ എൻജിനീയറിംഗ് കോളേജ്, എറണാകുളം.	1-9-1995
13.	ശ്രീമതി. ഐഷകുഞ്ഞ് റിട്ട. അഡ്മിനിസ്ട്രേറ്റീവ് അസി. ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്.	അക്കൗണ്ടസ് ഓഫീസർ മോഡൽ എൻജി. കോളേജ് എറണാകുളം.	2-2-1998
14.	ശ്രീ. വൽസലം റിട്ട. പ്രിൻസിപ്പാൾ പോളിടെക്നിക്, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്.	പ്രിൻസിപ്പൽ മോഡൽ പോളിടെക്നിക്, മാള.	25-9-1999
15.	ശ്രീ. മുഹമ്മദ് റിട്ട. ഫോറസ്റ്റർ	മാനേജർ, ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, വട്ടംകുളം.	12-2-1995
16.	ശ്രീ. റ്റി. എസ്. രാമനാഥൻ അഡ്മി. അസിസ്റ്റന്റ് കോളേജിയറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്.	മാനേജർ, കോളേജ് ഓഫ് അപ്ലൈഡ് സയൻസ് വടക്കഞ്ചേരി	11-3-1993
17.	ശ്രീ. ഇ. രാജൻ, റിട്ട. പോളിടെക്നിക് പ്രിൻസിപ്പാൾ, ടെക്നിക്കൽ എഡ്യു. ഡിപ്പാർട്ട്മെന്റ്.	പ്രിൻസിപ്പൽ, മോഡൽ പോളിടെക്നിക് കല്ല്യാശ്ശേരി.	6-7-1995
18.	ശ്രീ. കെ. ഇ. കുഞ്ഞികണ്ണൻ റിട്ട. പ്രിൻസിപ്പൽ, കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്	പ്രിൻസിപ്പൽ, കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പട്ടുവം	5-11-1999

LIBRARY ARCHIVES Kerala Legislative Assembly